**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **03-02-2026 - ൽ മറുപടിയ്ക്ക്**

**സെറ്റ്, - കെ-ടെറ്റ് അധ്യാപക യോഗ്യത പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ നടത്തുന്ന അധ്യാപക യോഗ്യതാ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) യോഗ്യത നേടിയവർ കെ-ടെറ്റ് പരീക്ഷ എഴുതേണ്ടതില്ല എന്ന് കെ-ടെറ്റ് പരീക്ഷ ആരംഭിച്ചത് മുതൽ എല്ലാ കെ-ടെറ്റ് പരീക്ഷ നോട്ടിഫിക്കേഷനുകളിലും അറിയിച്ചിരുന്നോ; വിശദമാക്കാമോ; | (എ) | കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് അതാത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായ വ്യവസ്ഥകളാണ് കെ-ടെറ്റ് പരീക്ഷാ നോട്ടിഫിക്കേഷനുകളിൽ ഉൾപ്പെടുത്താറുള്ളത്. സെറ്റ് യോഗ്യതയുള്ളവരെ കെ-ടെറ്റ് നേടുന്നതിൽനിന്നും ഒഴിവാക്കിയിരുന്നു. ആയത് കെ-ടെ റ്റ് പരീക്ഷ നോട്ടിഫിക്കേഷനുകളിലും ഉൾപ്പട്ടിരുന്നു. എന്നാൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള 01.09.2025 തീയതിയിലെ വിധിയുടെ പശ്ചാത്തലത്തിൽ ഈ ഇളവുകൾ നിലനിൽക്കുന്നില്ല. |
| (ബി) | ഇത്തരത്തിൽ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയിരുന്നു എങ്കിൽ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് യോഗ്യത, കെ-ടെറ്റ് യോഗ്യതക്ക് തുല്യമാണെന്ന് ഉത്തരവ് പുറപ്പെടുവിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; | (ബി) | കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി 1.09.2025. തീയതിയിൽ പുറപ്പെടുവിച്ച വിധിയ്ക്കനുസൃതമായിട്ട് മാത്രമേ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | സെറ്റ് യോഗ്യതാ പരീക്ഷ, കെ-ടെറ്റ് യോഗ്യത പരീക്ഷ എന്നീ പരീക്ഷകൾ കേരളത്തിൽ സർക്കാർ നടത്തുന്ന അധ്യാപക യോഗ്യത പരീക്ഷകൾ ആണോ; വിശദമാക്കാമോ; | (സി) | കേരള സർക്കാർ ഹയർ സെക്കൻഡറി തലത്തിലും എൽ.പി/യു പി/ഹൈസ്കൂൾ തല ത്തിലും ഉള്ള അധ്യാപകർക്കായി നടത്തുന്ന യോഗ്യതാ പരീക്ഷകളാണ് യഥാക്രമം സെറ്റ്, കെ-ടെറ്റ് എന്നിവ. |
| (ഡി) | സെറ്റ് യോഗ്യത പരീക്ഷ, കെ-ടെറ്റ് യോഗ്യത പരീക്ഷയുടെ ഹയർ ലെവൽ യോഗ്യത പരീക്ഷ ആയിട്ടും സെറ്റ് യോഗ്യത നേടുന്നവർ കെ-ടെറ്റ് യോഗ്യത വീണ്ടും നേടണമെന്ന് ആവശ്യപ്പെടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ഡി) | കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി 1.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിയ്ക്കനുസൃതമായിട്ടാണ് യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ